**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2434** **12-03-2020 ലെ മറുപടി**

**<u>ഹരിതകേരളം മിഷനിലൂടെ നദികളുടെയും ജലാശയങ്ങളുടെയും സംരക്ഷണം</u>**

ചോദ്യം മറുപടി

| ശ്രീ.എം. സ്വരാജ് | | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
|---|---|---|---|
| **(എ)** | സംസ്ഥാനത്ത് ഹരിതകേരളം മിഷനിലൂടെ എത്ര നദികളുടെയും ജലാശയങ്ങളുടെയും സംരക്ഷണം നടപ്പിലാക്കി എന്ന് അറിയിക്കുമോ; | (എ)<br>&<br>(ബി) | ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തികൾ ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചിട്ടുണ്ട്. ഇതിനു പുറമേ, ജനപങ്കാളിത്തത്തോടുകൂടി നിർവ്വഹിക്കപ്പെട്ടിട്ടുള്ള നദീസംരക്ഷണം, നദീപുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾക്കായുള്ള സാങ്കേതിക സഹായം ജലസേചനവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. നവീകരണം/ സംരക്ഷണം/സംഭരണശേഷി കൂട്ടൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഭരണാനുമതി നൽകിയ കുളങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>2017-2018 - 570<br>2018-2019 - 108<br>2019-2020 - 89<br>വരട്ടാർ (പത്തനംതിട്ട), പള്ളിക്കലാർ (കൊല്ലം), കുട്ടംപേരൂർ (ആലപ്പുഴ), മീനച്ചിലാർ - കൊടൂരാർ- മീന്തലയാർ (പുനഃസംയോജനം-കോട്ടയം), കാനാമ്പുഴയാർ (കണ്ണൂർ), കിള്ളിയാർ ( തിരുവനന്തപുരം), കോലറയാർ (തിരുവല്ല) തുടങ്ങിയവയാണ് ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കപ്പെട്ട നദീപുനരുജ്ജീവന പ്രവൃത്തികൾ.<br><br>സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും ജനകീയമായും 34 പുഴകളുടേയും 36323 കി.മീ നീർച്ചാലുകളുടെയും 15381 |
| **(ബി)** | ഇതിന്റെ ഭാഗമായി എത്ര നദികളുടെ പുനരുജ്ജീവനം സാധ്യമായി എന്ന് അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | കുളങ്ങളുടെയും ശുചീകരണവും പുനരുജ്ജീവനവും നടപ്പിലാക്കിയിട്ടുണ്ട്.<br>ഭൂജലവകുപ്പിന്റെ കീഴിൽ ഹരിതകേരളം പദ്ധതിയുടെ മാതൃകയിൽ കാട്ടാക്കട നിയോജക മണ്ഡലത്തിലെ സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ റീചാർജ്ജ് പിറ്റ് വഴിയുള്ള തുറന്ന കിണർ പരിപോഷണ പ്രവർത്തനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭൂജലവകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഇവയുടെ വിശദാംശം ജില്ല/താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ? | (സി) | ഹരിതകേരളം മിഷന്റെ കീഴിൽ പുഴ പുനരുജ്ജീവനത്തിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

പുഴ പുനരുജ്ജീവനം ജില്ലതിരിച്ചുള്ള പട്ടിക

**അനുബന്ധം**

| ക്രമ നം | ജില്ല | പുഴയുടെ പേര് | നീളം (കി.മീ.) |
|---|---|---|---|
| 1 | തിരുവനന്തപുരം | കിള്ളിയാർ (2 തവണ) | 44 |
| 2 | കൊല്ലം | കല്ലടയാർ | 22 |
| 3 | പത്തനംതിട്ട | ആദി പമ്പ | 4 |
| | | കോലറയാർ | 12 |
| | | പള്ളിക്കലാർ | 15 |
| 4 | ആലപ്പുഴ | വരട്ടാർ | 9.4 |
| | | കുട്ടമ്പേരൂരാർ | 12 |
| 5 | കോട്ടയം | മീനച്ചിലാർ | 75 |
| | | മീനന്തറയാർ | |
| | | കൊടൂരാർ | |
| | | മണിമലയാർ | 14.5 |
| 6 | ഇടുക്കി | വടക്കേപ്പുഴ | 3 |
| | | അടിമാലി - ദേവിയാർ | 2 |
| 7 | എറണാകുളം | കടമ്പ്രയാർ | 16 |
| | | പിറവംപുഴ | 4 |
| 8 | തൃശ്ശൂർ | പെരുംതോട് വലിയതോട് | 15 |
| 9 | പാലക്കാട് | ഭവാനിപ്പുഴ | 3.5 |
| | | ഭാരതപ്പുഴ | 11.25 |
| | | മംഗലപ്പുഴ | 13 |
| | | ഗായത്രി പുഴ | 7.1 |
| | | തൂപ്പനാട് പുഴ | 2 |
| | | തൂതപ്പുഴ | 3 |
| | | ചിറ്റൂർ പുഴ | 1 |
| 10 | മലപ്പുറം | ചെറുപുഴ | 4 |
| | | ചാലിയാർ | 12 |
| | | തിരൂർ പൊന്നാനിപുഴ | 8 |
| | | പൂരപ്പുഴ | 2 |
| 11 | കോഴിക്കോട് | പൂനൂർ പുഴ | 24 |
| 12 | കണ്ണൂർ | കാനാമ്പുഴ | 10 |
| | | ബാവലിപുഴ | 33 |
| | | അഞ്ചരക്കണ്ടിപുഴ | 22 |
| 13 | കാസർഗോഡ് | ചിത്താരിപ്പുഴ | 2 |
| | | പതിക്കാൽ പുഴ | 3.5 |
| | | കമ്പളപ്പുഴ | 3 |
| | ആകെ | | 412.25 |

സെക്ഷൻ ഓഫീസർ